സമയത്തും ചെയ്യുന്നു എന്ന് അവകാശപ്പെടുന്നില്ല. ട്രഷറി നിയന്ത്രണങ്ങളും പോലെ പല കാരണങ്ങൾകൊണ്ടും തുക ലഭിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹവിഭാഗം കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളും ട്രഷറി നിയന്ത്രണംകൊണ്ട് മുടങ്ങരുത് എന്നുള്ളതുകൊണ്ടാണ് അവയെ നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ ഒരു യോഗം എടുത്തത്. അതിന്റെയടിസ്ഥാനത്തിൽ വരുംമാസങ്ങളിൽ കൃത്യമായി തന്നെ പൈസ കൊടുക്കാൻ കഴിയും എന്നു കരുതുകയാണ്. എന്തായാലും ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾപോലെ എന്തെങ്കിലും വേറെപ്പെട്ട കേസുകൾ ഉണ്ടെങ്കിൽ അദ്ദേഹം ഒരു ബി.എഡ്. കോളേജിലെ കുട്ടിക്ക് ഫീസ് കൊടുക്കാത്തതിന്റെ പേരിൽ സർട്ടിഫിക്കറ്റ് ലഭിച്ചില്ല എന്ന് സൂചിപ്പിച്ചു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്ന് അന്വേഷിക്കും. എന്തായാലും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹ വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഏറ്റവും കൂടുതൽ പരിഗണന നൽകും എന്നുകൂടി ഞാൻ അറിയിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ പറ്റി അങ്ങ് പരാമർശിക്കാത്തത് ഖേദകരമായിപ്പോയി. എന്റെ ചോദ്യം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതടക്കം ഇവിടെ ശമ്പളം കൊടുക്കുന്ന ദിവസം തന്നെ പെൻഷനും നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിക്കുകയുണ്ടായി. അതുപോലെതന്നെ ശമ്പളം കൊടുക്കുന്ന 1-ാം തീയതി തന്നെ ഈ സ്റ്റൈപൻഡ് അടക്കമുള്ള ആനുകൂല്യങ്ങളും ഈ എസ്.ടി./എസ്.സി./പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകാനുള്ള ഒരു തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കാലതാമസം വരുന്നതിന്റെ പ്രധാന കാരണം ട്രഷറി നിയന്ത്രണമായിരുന്നു. സ്വാഭാവികമായും കുട്ടികൾക്ക് പണം ലഭിക്കാൻ കാലതാമസമുണ്ടായിരുന്നു. ട്രഷറി നിയന്ത്രണം ഒഴിവാക്കിയ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് തന്നെ കൊടുക്കാൻ സാധിക്കും. ഇതിനകത്ത് കുറെ സാങ്കേതിക പ്രശ്നങ്ങളുണ്ട്. സ്ഥാപനങ്ങൾ വേണ്ട സമയത്ത് കുട്ടികളെക്കുറിച്ച് കണക്ക് ജില്ലാ തലത്തിൽ അറിയിക്കണം. അതനുസരിച്ചാണ് നമ്മൾ പണം പാസ്സാക്കി കൊടുക്കുന്നത്. എന്തായാലും ഇതിന് ട്രഷറി നിയന്ത്രണം ഒഴിവാക്കിയ സാഹചര്യത്തിൽ അതതു സ്ഥാപനങ്ങൾ എപ്പോൾ സമർപ്പിച്ചുകഴിഞ്ഞാലും അതിനെ അടിസ്ഥാനമാക്കി വളരെ പെട്ടെന്ന് തന്നെ പണം കൊടുക്കാനുള്ള കാര്യങ്ങൾ ചെയ്യും. അതോടൊപ്പം തന്നെ അദ്ദേഹം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം കുട്ടികൾക്കുള്ള ആനുകൂല്യങ്ങളുടെ വർദ്ധനവ് സംബന്ധിച്ചാണ്. വ്യത്യസ്ത തലത്തിലുള്ള വ്യത്യസ്ത ആനുകൂല്യങ്ങളാണ് ഇവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ ഏതാണ്ട് നാലോളം മേഖലകളിൽ തന്നെ കാര്യമായ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റൈപൻഡ്, ലംപ്സംഗ്രാന്റ് തുടങ്ങിയ കാര്യങ്ങളിൽ കൂടി വർദ്ധനവ് വരുത്തുന്ന കാര്യം വളരെ ഗൗരവമായി തന്നെ എടുത്തുകൊണ്ട് അത് നടപ്പാക്കുന്നതിനുള്ള നടപടികളുണ്ടാകും.

(2) സാശ്രയമേഖലയിൽ നിലവിലുള്ള തലവരി സമ്പ്രദായം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കേരളത്തിലെ ഇന്നത്തെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമാണ് സാശ്രയകോളജുകളിൽ നിലവിലിരിക്കുന്ന തലവരി

LIBRARY ARCHIVES Kerala Legislative Assembly

സമ്പദായം. ഇതിനുമുമ്പും വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും കേരളത്തിൽ വളരെയധികം കൂടുപിടിച്ച വിവാദങ്ങൾക്കിടയാക്കിയിട്ടുണ്ട്. മുമ്പ് എയ്ഡഡ് മേഖലയിൽ ജൂനിയർ കോളേജുകളും അനുവദിച്ചപ്പോഴും അന്നത്തെ മുഖ്യമന്ത്രിയായ മഹാനായ ആർ. ശങ്കർ പറഞ്ഞത് 'എന്റെ സമുദായത്തിന് അർഹതപ്പെട്ടത് ഞാൻ ഒപ്പിട്ടെടുക്കുന്നു എന്നാണ്.' ഇന്നത്തെ ഭരണാധികാരികളും അങ്ങനെ പറയാൻ കഴിയണം. മലബാർ മേഖലയിൽ ചില പ്രത്യേക സമുദായങ്ങൾക്ക് മാത്രം വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കുന്നു. കാസർകോഡ്, വയനാട് അടക്കം മലബാർ ജില്ലകളിൽ മറ്റ് അർഹതപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ അടിയന്തിരമായി അനുവദിച്ച് സമുദായ സന്തുലിതാവസ്ഥ ഉറപ്പാക്കണം. ഈ സമുദായ സന്തുലിതാവസ്ഥ സമീപകാലത്ത് പാലിക്കപ്പെടാത്തതുമൂലമാണ് ഇന്ന് എൻ. എസ്. എസ്സും. എസ്. എൻ. ഡി. പി.-യും ഒറ്റക്കെട്ടായിട്ടുള്ളത്. സാമൂഹ്യനീതി ഉറപ്പാക്കണമെങ്കിൽ എല്ലാ സമുദായങ്ങൾക്കും അർഹതപ്പെട്ട പരിഗണന ലഭിക്കണം. എൻ. എസ്. എസ്സിന്റെയും, എസ്. എൻ. ഡി. പി.-യുടേയും വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളെ ആർക്കുംതന്നെ കുറച്ചുകാണാൻ സാധിക്കില്ല. അവഗണനയുടെ ആഴം അനുസരിച്ച് പ്രതിഷേധത്തിന്റെ മേഖല വിപുലപ്പെടും. അത് കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തെ വറച്ചട്ടിയിൽ നിന്നും എരിതീയിലേക്ക് തള്ളിയിടും. CAPS 2005-ലെ Information Brochure-ൽ 8 മെഡിക്കൽ കോളേജുകളും ആണ് self financing ആയി കാണിച്ചിട്ടുള്ളത്. അതിൽ 2 എണ്ണം ഒഴിച്ച്, ഒരായത് പരിയാരത്ത് 1995-ലും കളമശ്ശേരിയിൽ 2000-ൽ ഇടതുപക്ഷഭരണകാലത്ത് ആരംഭിച്ചതും ബാക്കി 6 എണ്ണവും, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ആയാലും, എം. ഇ. എസ്. മെഡിക്കൽ കോളേജായാലും, ജൂബിലി മിഷനായാലും, മലങ്കര ഓർത്തഡോക്സിന്റെ കോലഞ്ചേരിയിലേതായാലും, പുഷ്പഗിരി കോളേജ്, തിരുവല്ലയിലേതായാലും, ഡോ. സോമർവെൽ കാരക്കോണമായാലും എല്ലാം എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്. കുന്നിനെ കയം കാണിച്ചപോലെയായി ആ കാര്യങ്ങളും. സർ. ശ്രീ. എ. കെ. ആന്റണിക്കു തന്നെ അവസാനം പറയേണ്ടി വന്നു, സ്വാശ്രയ കോളേജ് പ്രശ്നം വഷളാക്കിയത് സഹകാര്യ മാനേജുമെന്റുകളാണെന്ന്. അദ്ദേഹം ഫെബ്രുവരി 8-ാം തീയതി പറഞ്ഞത് വീണ്ടും ജൂലായ് 9-ാം തീയതി കണ്ണൂരിൽ കെ. എസ്. യു.-വിന്റെ ക്യാമ്പിൽ ആവർത്തിച്ചു. ഈ പ്രശ്നങ്ങൾക്ക് കാരണം സ്വാശ്രയ മാനേജുമെന്റുകളാണെന്ന്. ശ്രീ. എ. കെ. ആന്റണിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ഇത് പറയാൻ ഇടയായത്, സോമാസുരന് വരം കൊടുത്തതുപോലെയായി എന്നുള്ളതാണ് സംഭവം. കേരളത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 25 ശതമാനമായിരുന്നു മാനേജുമെന്റ് കോട്ടയായിട്ട് ആദ്യം പറഞ്ഞിരുന്നത്. എന്നാൽ, അതു മാറി 50 ശതമാനം മെറിറ്റ് കോട്ട, 50 ശതമാനം മാനേജ്മെന്റ് കോട്ട എന്ന് പറഞ്ഞ് ചർച്ച നടന്നു. എൻ. ഒ. സി. കയ്യിൽ കിട്ടിക്കഴിഞ്ഞപ്പോൾ മാനേജ്മെന്റുകൾ കോടതി വിധിയുടെ വെളിച്ചത്തിൽ ചുവടു മാറ്റി. മാത്രമല്ല, അതിന്റെ പേരിൽ ഉണ്ടായ വിവാദങ്ങൾക്കൊടുങ്കാറ്റ് കേരളത്തിൽ സൃഷ്ടിച്ചത് എന്തെല്ലാം പ്രശ്നങ്ങളാണ്? കേരളത്തിൽ സംഭവിച്ചിട്ടുള്ള ഈ പ്രശ്നങ്ങൾക്കെല്ലാം തുടക്കം അവിടെ നിന്നാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു. ഡി. എഫ്. പരാജയപ്പെടാനുള്ള പ്രധാനപ്പെട്ട ഒരു കാരണമായി മാറാൻപോലും ഇതിടയാക്കി. അത്രമാത്രം സമ്മർദ്ദമുണ്ടായി. അന്ന് അദ്ദേഹം സത്യസന്ധമായി വിലയിരുത്തൽ നടത്തി. അരായിരുന്നു ചിലർ അർഹതയിൽ കൂടുതൽ സമ്മർദ്ദം ചെലുത്തി വാങ്ങുന്നു എന്ന് പറയാനുണ്ടായ ഒരു സാഹചര്യം. തലവരിപ്പണം വാങ്ങുന്നില്ലെന്ന് ഏതെങ്കിലും ഒരു മാനേജുമെന്റിനു നെഞ്ചത്ത് കൈ വച്ച് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ? 25 ലക്ഷം രൂപ മുതൽ 35 ലക്ഷം രൂപ വരെ ഇവിടെ വിവിധ മാനേജ്മെന്റുകൾ തലവരി വാങ്ങുന്നു എന്നുള്ളത് ഒരു നഗ്നമായ യാഥാർത്ഥ്യമല്ലേ? തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലും മുമ്പ് ഈ രീതിയിൽ തലവരി വാങ്ങിയിരുന്നു എന്നുള്ളതാണ് സത്യം. വലിയ തുക വാങ്ങിയിരുന്നു. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഒരു സ്വാശ്രയസ്ഥാപനം ആരംഭിക്കണമെങ്കിൽ ധാരാളം പണം ചെലവ് വരും. അതെല്ലാം സത്യമാണ്. അഞ്ച് കൊല്ലം കൊണ്ടോ, പത്ത് കൊല്ലം കൊണ്ടോ, അവർ ചെലവാക്കുന്നത് അമ്പതും അറുപതും കോടി രൂപ കോരിയടിക്കുതിരിച്ചു കിട്ടണമെന്നമട്ടിൽ കേരളത്തിൽ നിലവിലിരിക്കുന്ന സ്വാശ്രയ മാനേജുമെന്റുകളെല്ലാം 25 ലക്ഷം രൂപ മുതൽ 35 ലക്ഷം രൂപ വരെ വാങ്ങുന്നുണ്ട്. ഇതു തന്നെ 10 കോടി രൂപ വരെ വരും. ഒരു കൊല്ലത്തേക്കു മാത്രമല്ല, അടുത്ത കൊല്ലത്തേക്കു കൂടി മുൻകൂറായി വാങ്ങിക്കുകയാണ്. തമിഴ്നാട്ടിലും, കർണ്ണാടകത്തിലും മുപ്പതും നാൽപ്പതും ലക്ഷം രൂപ ആയിരുന്നത് ഇന്ന് 15-ഉം 20-ഉം ലക്ഷം രൂപയായി കുറഞ്ഞിരിക്കുമ്പോഴാണ്; കേരളത്തിൽ ഇത്രയും കൂടിയ നില വന്നിരിക്കുന്നത്. ഏട്ടിലെ പശു പുല്ലു തിന്നില്ല എന്നു പറയുന്നതുപോലെയാണ്. ഇവിടെ നിയമം നിലവിലുണ്ട്. അത് കോംപ്രമൈസ് സ്റ്റേറ്റാണ്. AICTE (All India Council for Technical Education) തലവരി പണം വാങ്ങിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. പക്ഷേ പറഞ്ഞിട്ടെന്താണ് കാര്യം? നമ്മൾ നിയമം പാസ്സാക്കി. ആ നിയമം ഷെഡ്യൂൾ പട്ടികയിൽപ്പെടുത്തിയാൽപ്പോലും, മാനേജ്മെന്റ് സീറ്റുകളിൽ അവർക്ക് പരീക്ഷ നടത്താനുള്ള അധികാരമുള്ളപ്പോൾ പ്രശ്നം അവസാനിക്കുകയില്ല. ഇനി ഈ പ്രശ്നം അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ അതിന് ശക്തമായ നിയമനിർമ്മാണം വേണം. മാനേജ്മെന്റുകൾക്ക് പ്രവേശന പരീക്ഷ നടത്താനുള്ള അനുവാദം ഉള്ളിടത്തോളം കാലം പ്രശ്നം നിലനിൽക്കുക തന്നെ ചെയ്യും. അതുകൊണ്ട്, നേരത്തെ നമ്മൾ പാസ്സാക്കിയ നിയമത്തിൽ നിന്നും മാനേജ്മെന്റിന് പരീക്ഷ നടത്താൻ ഉള്ള അധികാരം എടുത്തു മാറ്റി നിയമം ഭേദഗതി ചെയ്യണം. എൽ. പി. സ്കൂളിലെ അദ്ധ്യാപകൻ ആകാൻ പോലും ടി. ടി. സി. യോഗ്യത വേണം. പക്ഷേ, സ്വാശ്രയ മാനേജ്മെന്റിൽ മാനേജരാകാൻ എന്ത് യോഗ്യതയാണ് വേണ്ടത്? അതിന് യോഗ്യത നിശ്ചയിക്കാൻ തയ്യാറാകണം. ഇതെല്ലാം മൊത്തത്തിൽ അവസാനിപ്പിക്കുന്നതിനുവേണ്ടി, എൻട്രൻസ് പരീക്ഷാ സമ്പ്രദായം ഒഴിവാക്കി; എസ്. എസ്. എൽ. സി.-ക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തിയതുപോലെ പ്ലസ്-ടു-വിനും ഗ്രേഡിംഗ് ഏർപ്പെടുത്തി, മാർക്കിന്റെ അടിസ്ഥാനത്തിൽ, കുട്ടികൾക്ക് സ്വാശ്രയ മെറിറ്റിലായാലും, മാനേജ്മെന്റ് സീറ്റിലായാലും certain marks തീരുമാനിച്ചിട്ട്, അതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കാനുള്ള തീരുമാനമെടുത്താൽ, അഴിമതി ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. അല്ലെങ്കിൽ, തലവരി ഒരു സാമൂഹ്യപ്രശ്നമായി കേരളത്തിൽ ആളിക്കത്തിയാൽ ചില പ്രത്യേക സമുദായങ്ങളിൽ നിന്ന് 5 കൊല്ലം കഴിഞ്ഞാൽ ഒരു കുട്ടിക്കുപോലും പഠിക്കാൻ പറ്റാത്ത സ്ഥിതി ഉണ്ടായാൽ കേരളത്തിന്റെ അവസ്ഥ എന്തായിരിക്കും? മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും നിവർത്തന പ്രക്ഷോഭണവും നടന്ന നാടാണിത്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ഗൗരവപൂർവ്വം കണക്കിലെടുത്ത് തലവരി നിരോധിക്കാനും അതിനെ തടയാനുമുള്ള ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സ്വാശ്രയ കോളേജുകൾ എന്നുള്ളത് യു.ഡി.എഫ്.-ന്റെ ഒരു അംഗീകൃത നയമാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഏർപ്പെടുത്തിയ ഏറ്റവും പ്രധാനപ്പെട്ട സംഗതി സ്വാശ്രയമേഖലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾ കൊടുക്കാൻ തീരുമാനിച്ചതാണ്. ഈ നയത്തിൽ യെപ്പെടുന്നത് ഒരു കൂട്ടരാണ്. അത് കേരളത്തിന് പുറത്ത്, ഇതുവരെ കേരളത്തിലെ കുട്ടികളെ പോഷണം ചെയ്തുകൊണ്ടിരുന്ന വിദ്യാഭ്യാസ രംഗത്തെ പ്രമുഖരാണ്. ആ സ്ഥാപനങ്ങൾ പലതും പൂട്ടി, പലതും ഒഴിഞ്ഞു കിടക്കുകയാണ്. സ്വാശ്രയകോളേജ് തുടങ്ങുന്ന സമയത്ത് ശ്രീ. എ. കെ. ആന്റണി സ്വീകരിച്ച സമീപനമെന്നുപറയുന്നത് രണ്ടു സ്വാശ്രയ കോളേജ്=ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. അതേ നയം തന്നെയാണ് ഇന്നും യു.ഡി.എഫ്.-നും ഗവൺമെന്റിനുമുള്ളത്. അതിന് വ്യത്യസ്തമായി ചില സാഹചര്യങ്ങളുണ്ടായി. ആ സാഹചര്യങ്ങൾ ഒഴിവാക്കി അതു തന്നെ വീണ്ടും നടപ്പിലാക്കാനുള്ള ശ്രമവുമായിട്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. 50% ഗവൺമെന്റ് മെറിറ്റ് എന്നുള്ളത് കോടതിയും മാനേജ്മെന്റും അംഗീകരിച്ചു. എല്ലാവരും അംഗീകരിച്ചു. ഇനി ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസേ പിരിക്കാവൂ എന്നതുകൂടി നമുക്ക് അംഗീകരിപ്പിച്ചെടുക്കണം. അത് അംഗീകരിപ്പിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഒരിഞ്ചുപോലും പുറകോട്ടു പോകുന്ന പ്രശ്നമില്ല. ഗ്രോസ് സമ്പ്സിഡി പാടില്ല എന്നുള്ള കോടതി വിധി ഒരു തടസ്സമായിട്ട് നിൽക്കുന്നുണ്ട്. പക്ഷെ വിധിയുണ്ടെങ്കിലും ആ കാര്യത്തിൽ, ആ നയം നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത കാലത്തു നടന്ന സമരത്തെ തുടർന്ന് ഇവിടുത്തെ എല്ലാ കക്ഷികളുമായി നടത്തിയ ചർച്ചയിൽ കാര്യമായ ഒരു പുരോഗതി ഉണ്ടായത് പ്രതിപക്ഷത്തു നിന്നുള്ള സമീപനമാണ്. 50%-ത്തിൽ, ഗവൺമെന്റ് മെറിറ്റിൽ, ഗവൺമെന്റ് ഫീസാണ്. ഈടാക്കുന്നതെങ്കിൽ മാനേജ്മെന്റിനു ന്യായമായ നിലയിൽ ആ സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അതൊരു കാര്യമായ മാറ്റമാണ്. ആ നയം ഗവൺമെന്റിനു ഇവിടെ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ഉറപ്പുണ്ട്. മെഡിക്കൽ കോളേജ് നടത്തുന്ന മാനേജ്മെന്റുകളേയും എഞ്ചിനീയറിംഗ് കോളേജുകൾ നടത്തുന്ന മാനേജ്മെന്റുകളേയും പ്രത്യേകം പ്രത്യേകമായിട്ട് ഞാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിളിച്ചുകൂട്ടിയ ചർച്ചയിൽ അവരോട് ഗവൺമെന്റിന്റെ വ്യക്തമായ നിലപാട് വീണ്ടും അറിയിച്ചിട്ടുണ്ട്. കോടതിയുടെ വിധി ഉടനെ വരും. അതു വന്നുകഴിഞ്ഞ ശേഷം അനുഭാവപൂർവ്വമായി അവർ പ്രതികരിക്കുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. എല്ലാ വിഭാഗത്തിനോടും നീതി പുലർത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ആ നയം തന്നെ തുടരുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പു തരുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കാസർകോട്, വയനാട്, ഇടുക്കി മുതലായ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത കേരളത്തിലെ പ്രമുഖരായ എഞ്ചിനീയറിംഗ് എയ്ഡഡ് മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും കാര്യമായി അനുവദിക്കാൻ നമ്മുടെ സാമ്പത്തിക സ്ഥിതി അനുവദിച്ചില്ല, കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതുകൊണ്ടാണ് ആ കാര്യത്തിൽ അധികം മുന്നോട്ടുപോകാൻ സാധിക്കാതെ പോയത്. എന്തെങ്കിലും വിധത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ നിശ്ചയമായും വേണ്ടത്ര പരിഗണന കിട്ടിയിട്ടില്ലാത്ത വിഭാഗങ്ങൾക്ക്, മുന്തിയ പരിഗണന നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹവും.

V. സബ്മിഷൻ

(1) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിൽസാധനസഹായം പുനഃസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. തോമസ് ചാഴികാടൻ: സർ, കേരളത്തിലെ നിർദ്ധനരായ രോഗികളുടെ ചികിൽസയിൽ ശസ്ത്രക്രിയ നിർദ്ദേശിക്കപ്പെടുമ്പോൾ അതിനു വേണ്ടി വരുന്ന ചെലവിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നുണ്ട്. പക്ഷെ ബഹുമാനപ്പെട്ട വയലാർ രവി എം. പി., സമർപ്പിച്ച ഒരു അപേക്ഷയിൻമേൽ കിട്ടിയ മറുപടിയിൽ കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളെ ഇതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു എന്ന് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്. വളരെ ചെലവേറിയ ഹൃദയ ശസ്ത്രക്രിയ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, ക്യാൻസർ ചികിൽസ തുടങ്ങിയ ചികിൽസകൾക്കാണ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് തുക അനുവദിക്കാറുള്ളത്. പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് നൽകിയ ലിസ്റ്റിൽ കേരളത്തിലെ പ്രധാനപ്പെട്ട ഏതാണ്ട് പത്തിരുപതോളം സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്വകാര്യ ആശുപത്രികളിൽ പോയി ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് ഒന്നര ലക്ഷവും അതിൽക്കൂടുതലും രൂപ ചെലവാക്കേണ്ടി വരുന്നു. മെഡിക്കൽകോളേജ് ആശുപത്രികളിൽ ഈ ശസ്ത്രക്രിയ നടത്തിയാൽ 50,000 രൂപയോ അതിൽ താഴെയോ മാത്രമേ ചെലവാകുകയുള്ളൂ. പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം അവർക്ക് സ്വകാര്യ ആശുപത്രിയിൽ പോയി ചികിൽസ നടത്തുക എന്നത് അസാധ്യമാകും. ഹൃദയ ശസ്ത്രക്രിയ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, ക്യാൻസർ സംബന്ധമായ ഓപ്പറേഷൻ തുടങ്ങിയ കാര്യങ്ങൾക്ക് പാവപ്പെട്ട രോഗികൾക്ക് സ്വകാര്യ ആശുപത്രിയിൽ പോകാൻ കഴിയില്ല. ഇങ്ങനെയൊരു സാഹചര്യമുണ്ടായതെന്താണെന്ന് മെഡിക്കൽ കോളേജിൽ അന്വേഷിച്ചിട്ട് അവർക്ക് മനസ്സിലാകുന്നില്ല. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പേരാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിലെ മറുപടിയിൽ പറയുന്നത്. അതിൽ ഇങ്ങനെയാണ് പറയുന്നത് Acceptance of Medical Certificate issued by Medical College Hospital, Kottayam had been suspended due to administrative reasons. You are therefore advised to take treatment from any of the hospitals mentioned in the attached list and furnish a fresh Medical Certificate from the hospital showing cost/future cost of treatment and the date of admission and surgery എന്നാണ്. ഈ അഡ്മിനിസ്ട്രേറ്റീവ് റീസൺ എന്താണെന്ന് ഇതുവരെ അറിയിച്ചിട്ടില്ല. കോട്ടയം മെഡിക്കൽ കോളേജിൽ ഞാൻ അന്വേഷിച്ചിട്ട് അവർക്ക് അറിവ് കിട്ടിയിട്ടില്ല. സഹായം കിട്ടുന്നില്ലായെന്നുള്ളത് വസ്തുതയാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി ഇടപെടണം. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് വന്നിരിക്കുന്ന ലിസ്റ്റിൽ 20 ആശുപത്രികളുടെ പേരുണ്ട്. കോട്ടയം മെഡിക്കൽ കോളേജും തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly